പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

11.05.2017 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 3282

## കുടിവെള്ള വിതരണ കമ്പനികൾക്ക് ലൈസൻസ്

ചോദ്യം
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി).

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്താകെ കുപ്പികളിൽ കുടിവെള്ള വിതരണം നടത്തുന്ന കമ്പനികൾക്ക് ലൈസൻസ് നൽകുന്നത് ആരാണ് ; മാനദണ്ഡങ്ങൾ വിശദീകരിക്കുമോ ; | (എ) : സംസ്ഥാനത്ത് കുപ്പിവെള്ള കമ്പനികൾക്ക് ലൈസൻസ് നൽകുന്നത് ഫാക്ടറി തുടങ്ങുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്<br>കമ്പനികൾ തുടങ്ങുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ചിരിക്കണം.<br>1). ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർമ്മാണത്തിനുള്ള അനുമതി.<br>2). മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, ഫയർ ആൻഡ് സേഫ്റ്റി വകുപ്പ്, ജില്ലാ മെഡിക്കൽ ഓഫീസ് എന്നിവയുടെ നിരാക്ഷേപ പത്രം.<br>3). ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ്, ഫുഡ് ആൻഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ഓഫ് ഇൻഡ്യ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ.<br>4). സെയിൽ ടാക്സ് വകുപ്പിന്റെ രജിസ്ട്രേഷൻ.<br>5).ജലസ്രോതസ്സുകളിൽനിന്നും ജലമെടുക്കാനുള്ള ജലവിഭവ വകുപ്പിന്റെ അനുമതി. |
| (ബി) | കുപ്പിവെള്ള വിതരണത്തിന് ലൈസൻസ് നൽകുമ്പോൾ തന്നെ വിതരണത്തിന്റെ ഉറവിടം സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കാറുണ്ടോ; | (ബി) : അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അന്വേഷിക്കാറുണ്ട്. |
| (സി) | എങ്കിൽ അതിന്റെ നടപടിക്രമം അറിയിക്കുമോ; ബോട്ടിലുകളിലാക്കി വിതരണം നടത്തുന്ന വെള്ളം പരിശോധിക്കുന്നതിന് ഉള്ള സംവിധാനങ്ങൾ എന്തെല്ലാം ; | (സി) : ജലസ്രോതസ്സുകളിൽനിന്നും ജലമെടുക്കാനുള്ള ജലവിഭവ വകുപ്പിന്റെ അനുമതിയ്ക്കായി അപേക്ഷിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്താറുണ്ട്.<br>ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ്, ഫുഡ് ആൻഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് |

ഓഫ് ഇൻഡ്യ എന്നിവ നിഷ്കർഷിച്ചിരിക്കുന്ന എല്ലാവിധ പരിശോധനയും നടത്തി ഗുണമേന്മയുള്ള വെള്ളം മാത്രമേ കുപ്പിവെള്ളമായി പുറത്തിറക്കുവാൻ അനുമതി നൽകാറുള്ളൂ.

(ഡി) ഈ പരിശോധനയ്ക്ക് പുറമേ ബോട്ടിലിലാക്കി വിൽക്കുന്ന വെള്ളത്തിന്റെ സ്രോതസ്സുകൂടി പരിശോധിക്കുന്നതിന് വ്യവസ്ഥ ഉണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ഇ) ഉണ്ടെങ്കിൽ അത് കൂടി പരിശോധനാ വിധേയമാക്കുമോ ; അതിനായി സ്ക്വാഡ് രൂപീകരിക്കുമോ ?

(ഡി) :
(ഇ) : ജലവിഭവ വകുപ്പിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്രോതസ്സിനെക്കുറിച്ച് വകുപ്പ് പരിശോധന നടത്തി മാത്രമേ അനുമതി നൽകാറുള്ളൂ.

സെക്ഷൻ ഓഫീസർ.